**ഡോ. കെ. ടി. ജലീൽ**
**തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം**
**വഖഫ് & ഹജ്ജ് വകുപ്പുമന്ത്രി**
**കേരള സർക്കാർ**

22-06-2017

പ്രിയപ്പെട്ട പ്രസിഡന്റ്/മേയർ/ചെയർമാൻ

വർഷകാലം ആരംഭിച്ചതോടുകൂടി കേരളത്തിൽ മഴക്കാലരോഗങ്ങൾ വ്യാപകമാകുകയും ഡെങ്കു ഉൾപ്പെടെയുള്ള പനി പിടിച്ച് ആളുകൾ നിത്യേന മരിക്കുകയും ചെയ്യുന്ന അവസ്ഥ സംജാത മായിരിക്കുയാണല്ലോ. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മഴക്കാലപൂർവ ശുചീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. എന്നാലും പകർച്ചപനിക്ക് ശമനമില്ലാത്ത അവസ്ഥയാണുള്ളത്. സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപനി നിയന്ത്രണ വിധേയമാക്കുന്നതിനും പനിമരണങ്ങൾ തടയുന്നതിനും യുദ്ധകാലാടി സ്ഥാനത്തിൽ പ്രതിരോധ നടപടികൾ തദ്ദേശ സ്വയംഭരണ തലത്തിൽ സ്വീകരിക്കേണ്ടതുണ്ട്. പകർച്ചപ്പനി പൂർണമായും തടയുന്നതിനുള്ള ബോധവൽക്കരണത്തോടൊപ്പം ജനങ്ങൾക്ക് പരിഭ്രാന്തിയുണ്ടാകേണ്ട കാര്യമില്ലെന്നും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിനായി **2017 ജൂൺ 26,27,28**എന്നീ ദിവസങ്ങളിൽ തുടർച്ചയായി സംസ്ഥാനമൊട്ടാകെ സംഘടിതമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഈ ക്യാമ്പയിന് നേതൃത്വം നൽകേണ്ടത്. ഇതുമായി ബന്ധപ്പെട്ട വിശദാംശ ങ്ങൾ ചർച്ച ചെയ്യുന്നതിനായി **ജൂൺ 24 ന്** എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക പഞ്ചായത്ത് സമിതിയോഗം / നഗരസഭാ കൗൺസിൽയോഗം വിളിച്ചുചേർക്കണം. പ്രസ്തുതയോഗത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കണം.

- ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ, വിവിധ സ്ഥാപനങ്ങൾ ബഹുജനപ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ സർവീസ് ട്രേഡ് യൂണിയനുകൾ തുടങ്ങി എല്ലാവിഭാഗം ജനങ്ങളെയും അണിനിരത്തുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം **ജൂൺ 26ന്** വിളിച്ചുചേർത്ത് അ വരുടെ പങ്കാളിത്തം ഉറപ്പാക്കണം.
- തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്ത് കൊതുകുകൾ വളരാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള തീവ്രപരിപാടികൾ ആസൂത്രണം ചെയ്യണം.
- ആശുപത്രികൾ, വ്യവസായ സ്ഥാപനങ്ങൾ, ഓഫീസുകൾ പൊതുസ്ഥലങ്ങൾ, മാർക്കറ്റു കൾ, ബസ് സ്റ്റാന്റ്, വീടുകൾ, ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കൂടിക്കിട ക്കുന്ന ഖരമാലിന്യങ്ങൾ നീക്കം ചെയ്യണം. പ്ലാസ്റ്റിക്കും മറ്റ് അജൈവ മാലിന്യങ്ങളും വേർ തിരിക്കുകയും അവ വൃത്തിയാക്കി സൂക്ഷിച്ചു വെയ്ക്കുകയും വേണം. നീക്കം ചെയ്യുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഓഫീസ് : നാലാം നില, റൂം നമ്പർ 401, സെക്രട്ടേറിയറ്റ് അനക്സ്
തിരുവനന്തപുരം-695 001
ഫോൺ ഓഫീസ് : 0471-2327895, 0471-2327796 വസതി : 0471-2720451, 0471-2723181
'ഗംഗ', കന്റോൺമെന്റ് ഹൗസ് കോംപ്ലക്സ്

• പൊതുസ്ഥലങ്ങളിലും വീടുകളിലും സ്ഥാപനങ്ങളിലുമുള്ള കൊതുക് വളരുന്ന കേന്ദ്രങ്ങൾ കണ്ടെത്തി അവ നശിപ്പിക്കണം. ആഴ്ചയിലൊരിക്കൽ തുടർ പരിശോധന നടത്തി കൊതുക് അത്തരം സ്ഥലത്ത് വളർന്ന് പെരുകില്ലെന്ന് ഉറപ്പുവരുത്തണം.

• ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, വ്യാപാരി-വ്യവസായി സംഘടനകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനാപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി ബോധവൽക്കരണ - കൊതുകുനശീകരണ പ്രവർത്തനങ്ങൾ നടത്തണം.

• ജൂൺ 24,25 തീയതികളിൽ ചേരുന്ന കുടുംബശ്രീ അയൽക്കൂട്ടയോഗങ്ങളിൽ പരിസര സുചീകരണ പ്രവർത്തനം ആസൂത്രണം ചെയ്യുകയും, അയൽക്കൂട്ട ജാഗ്രതാപ്രവർത്തനം എന്ന നിലയിൽ അയൽക്കൂട്ട പ്രദേശത്തുള്ള എല്ലാ വീടുകളും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനും, കൊതുക് നശീകരണ പ്രവർത്തനങ്ങൾ തുടർച്ചയായി നിർവഹിക്കു ന്നതിനും തീരുമാനിക്കുകയും അത് നടക്കുമെന്നുറപ്പാക്കുകയും വേണം.

• തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ ശുചീകരണ പ്രശ്നങ്ങളുടെ തീവ്രത മനസ്സിലാക്കി ആവശ്യമായ തരത്തിലുള്ള പ്രവർത്തന പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കണം.

• ആരോഗ്യ പ്രവർത്തകരുടെ സഹകരണത്തോടെ പനി ബാധിത പ്രദേശങ്ങളെ ഹൈറിസ്ക്, മോഡറേറ്റ് റിസ്ക്, ലോ റിസ്ക് മേഖലകളായി തരം തിരിച്ച് പ്രത്യേക പരിപാടി തയ്യാറാക്കി നടപ്പാക്കണം.

• ഓരോ വാർഡിലും നടക്കേണ്ട പനിപ്രതിരോധ പ്രവർത്തനങ്ങൾ വാർഡ് സാനിട്ടേഷൻ കമ്മിറ്റി ചേർന്ന് വിശദമായി ആസൂത്രണം ചെയ്യുകയും ബഹുജന പങ്കാളിത്തത്തോടെ നടപ്പാക്കുകയും വേണം.

• 21.06.2017 ലെ സ.ഉ (സാധാ)നം 2096/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവുപ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അധികാരപരിധിയിൽ വരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് ഡോക്ടർമാരെയും രണ്ടു പാരാമെഡിക്കൽ സ്റ്റാഫുകളെയും താൽകാലികമായി നിയമിക്കാൻ നടപടി സ്വീകരിക്കണം. മഴക്കാല ശുചീകരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവുകൾ മേൽ ഉത്തരവുപ്രകാരം നടത്താവു ന്നതാണ്.

സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപ്പനി നിയന്ത്രിക്കുന്ന തീവ്രപരിപാടിയിൽ താങ്കളും ജന പ്രതിനിധികളും നേതൃത്വപരമായ പങ്കുവഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ. കെ.ടി ജലീൽ**